(9) മലബാർ സിമന്റ്സിന്റെ പ്രവർത്തനം

ശ്രീ. പി. തിലോത്തമൻ : സർ, ചേർത്തലയിൽ പള്ളിപ്പുറത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന മലബാർ സിമന്റ്സിന്റെ പ്രവർത്തനം നിർത്തിവെച്ചിട്ട് ഒന്നര വർഷത്തോളമാവുകയാണ്. നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ കമ്പനിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന 88 തൊഴിലാളികളുടെ ജോലിസംബന്ധമായ വിഷയമാണ് ഈ സ്തംഭനാവസ്ഥയിലേക്ക് എത്തിച്ചത്. ഈ കരാർ തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്നതിന് കരാറുകാരനെ ലഭിക്കുന്നില്ലെന്നാണ് മാനേജ്മെന്റ് പറയുന്നത്. ഏതായാലും തൊഴിലാളികൾ തൊഴിൽ രഹിതരായി. വളരെയേറെ ഡിമാന്റുള്ള സിമന്റാണ് അവിടെ ഉല്പാദിപ്പിച്ചുകൊണ്ടിരുന്നത്. ആ കമ്പനിയുടെ പ്രവർത്തനം ഇപ്പോൾ നിലച്ചു. ഇപ്പോൾ അവിടെ ഉണ്ടായിരുന്ന മെഷീൻ ഉൾപ്പെടെ ഹെഡ്ഡാഫീസിലേയ്ക്ക് കൊണ്ടുപോകുന്നുവെന്നാണ് മനസ്സിലാക്കുന്നത്. കമ്പനി സ്റ്റാഫിനെയും തിരികെ വിളിച്ചു കഴിഞ്ഞു. ആ വ്യവസായവുമായി ബന്ധപ്പെട്ട് വല്ലാത്ത ഒരു അവസ്ഥയാണ് ആ പ്രദേശത്ത് നിലനിൽക്കുന്നത്. അടിയന്തരമായി ഏത് വിധേനയും കമ്പനി തുറന്നു പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ, ചേർത്തലയിലെ മലബാർ സിമന്റ്സിന്റെ പള്ളിപ്പുറത്തുള്ള ഗ്രൈന്റിംഗ് യൂണിറ്റിൽ ലോഡിംഗ് ആന്റ് അൺലോഡിംഗ് തൊഴിലാളികൾക്ക് കരാർ എടുത്തിരുന്ന മലബാർ സിമന്റ്സ് ലേബർ കോൺട്രാക്ട് സൊസൈറ്റിയും അവരുടെ തൊഴിലാളികളും തമ്മിലുണ്ടായ തർക്കത്തെത്തുടർന്ന് 3-5-2008 മുതൽ കരാറുകാരൻ ജോലികൾ നിർത്തിവയ്ക്കുകയാണുണ്ടായത്. അതിന്റെ ഭാഗമായി ഉല്പാദന പ്രക്രിയ സ്തംഭിച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് സംസ്ഥാന ലേബർ കമ്മീഷണർ ഉൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യത്തിൽ പല പ്രാവശ്യം ചർച്ചകൾ നടന്നുവെങ്കിലും പ്രശ്നത്തിന് പരിഹാരം ഉണ്ടായിട്ടില്ല. നിലവിൽ ഒരു മെട്രിക് ടണ്ണിന് 49 രൂപ നിരക്കിലാണ് കരാർ നൽകിയിരുന്നത്. ഇതേ ജോലി വാളയാറിൽ മെട്രിക് ടണ്ണിന് 12 രൂപ നിരക്കിലാണ് ചെയ്തുവരുന്നത്. ഈ പ്രശ്നത്തിൽ ഒരു പരിഹാരമുണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട എം. എൽ. എ. പറഞ്ഞതുപോലെ അവിടെയുണിറ്റിന്റെ പ്രവർത്തനം സ്തംഭിക്കാതിരിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(10) ചീക്കോട് കുടിവെള്ള പദ്ധതി

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ചീക്കോട് കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാകാത്തതുസംബന്ധിച്ചാണ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഈ വിഷയം ബഹുമാനപ്പെട്ട വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ വന്ന കാര്യവുംകൂടിയാണ്. കൊണ്ടോട്ടി, മഞ്ചേരി,

LIBRARY ARCHIVES Kerala Legislative Assembly